കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ്- എക്സൈസ് – 2018-19 വർഷത്തെ അബ്കാരി നയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.21/2018/നി.വ** **തീയതി, തിരുവനന്തപുരം, 15.03.2018**

COMMISSIONERATE OF EXCISE
16 MAR 2018
RECEIVED

പരാമർശം:- 1. ജി.ഒ(എം.എസ്) 43/2017/നി.വ. തീയതി, 13/06/2017.
2. ജി.ഒ(എം.എസ്) 55/2017/നി.വ. തീയതി, 29/06/2017.

## ഉത്തരവ്

സർക്കാർ 2017-18 വർഷത്തെ മദ്യനയം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച 13/06/2017 ലെ ജി.ഒ.(എം.എസ്) 43/2017/നി.വ. പ്രകാരം മദ്യഉപഭോഗം കുറയ്ക്കുന്നതിനും, അനധികൃത മയക്കു മരുന്ന് ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനും നിരവധി നിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സമൂഹത്തിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിരോധിത ലഹരി മരുന്നുകളുടെ ഉപഭോഗവും, ലഘൂകരിക്കുന്നതിന് സർക്കാർ മുൻ വർഷത്തെ മദ്യനയത്തിൽ പ്രഖ്യാപിച്ച് നടപ്പിലാക്കിയ കർശന നിബന്ധനകളിലൂടെയും, കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) രൂപീകരിച്ച് നടപ്പിലാക്കിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തുന്നു. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടേയും കൂട്ടായ യത്നത്തിലൂടെ മദ്യവർജ്ജനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

2. മേല്പറഞ്ഞ വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. 2017-18 ലെ മദ്യനയം കേരള സമൂഹം സ്വീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത മദ്യനയം തുടരേണ്ടത് സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് ഗുണകരമാണെന്ന് സർക്കാർ കരുതുന്നു. അതിനാൽ 13/06/2017 ലെ ജി.ഒ(എം.എസ്) 43/2017/നി.വ. ഉത്തരവ് പ്രകാരമുള്ള മദ്യനയത്തിൽ ചുവടെ പറയുന്ന വ്യവസ്ഥകൾക്കൂടി ഉൾപ്പെടുത്തി 2018-19 – ലെ മദ്യനയം പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(1) പരിസരമലിനീകരണം തടയുന്നതിനായി പ്ലാസ്റ്റിക്ക് കുപ്പികളിലെ മദ്യവിതരണം ഘട്ടംഘട്ടമായി നിറുത്തലാക്കുന്നതാണ്.

(2) ത്രീ സ്റ്റാറിനു താഴെയുമുള്ള ഹോട്ടലുകളുടെ പാർട്ടനർഷിപ്പിലെ മാറ്റം, ബോർഡ് പുനസംഘടന, ലൈസൻസിയുടെ പേരുമാറ്റം എന്നീ ഘട്ടങ്ങളിൽ ഈടാക്കുന്ന ഫീസ് ത്രീ സ്റ്റാർ ഹോട്ടലുകളുടെ കാര്യത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കുമായി ഏകീകരിക്കുന്നതാണ്.

(3) വിനോദ സഞ്ചാര മേഖലയിൽ ബാറുകളുടെ പ്രവർത്തന സമയം രാവിലെ 10 മണിമുതൽ രാത്രി 12 മണിവരെയായി നിജപ്പെടുത്തുന്നതാണ്.

(4) ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന് (IMFL) പുറമെ വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ (FMFL) വില്പനയും നിലവിലുള്ള എഫ്.എൽ-1 വില്പനശാലകൾ മുഖേന നടത്താവുന്നതാണ്.

(5) കള്ളുഷാപ്പുകൾ ടോഡി ബോർഡ് നിലവിൽ വരുന്നതുവരെയോ, മൂന്നു വർഷം വരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ വില്പന നടത്തുന്നതാണ്.

3. ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എക്സൈസ് കമ്മീഷണർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എന്നിവർ അടിയന്തര നടപടികളെടുക്കേണ്ടതും, ചട്ട ഭേദഗതിക്കുള്ള കരട് വിജ്ഞാപനങ്ങൾ അടിയന്തരമായി സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്.
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പൊതുഭരണ (എസ്.സി) വകുപ്പിന്.
പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

C7

COMMISSIONERATE OF EXCISE

16 MAR 2018

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ് – ബഹു.സുപ്രീം കോടതിയുടെ എം.എ.നം.690-692/17 സി.എ.12164-12166/2016 ലെ ഉത്തരവ് - മദ്യശാലകൾ പ്രവർത്തിക്കുന്നതിനുള്ള ദൂരപരിധി നിശ്ചയിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.23/2018/നി.വ** **തീയതി, തിരുവനന്തപുരം, 16.03.2018**

പരാമർശം:- 1. 15/12/2016 ലെ ബഹു.സുപ്രീംകോടതി സി.എ.നം.12164-12166 നമ്പർ കേസ്സിലെ ഉത്തരവ്.

2. ബഹു.സുപ്രീംകോടതി എസ്.എൽ.പി. സിവിൽ നം.10243/2017 കേസ്സിൽ പുറപ്പെടുവിച്ച 11/07/2017 ലെ ഉത്തരവ്.

3. ബഹു.സുപ്രീംകോടതിയുടെ എം.എ.നം.690-692/17 സി.എ.നം.12164-12166 യ 2016-ൽ 23/02/2018 ലെ ഉത്തരവ്.

4. എക്സൈസ് കമ്മീഷണറുടെ 28/02/2018 തീയതിയിലെ ഇ.എക്സ്.സി/5378/2016/ എക്സ്.സി7 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന/ദേശീയ പാതയോരത്ത് നിന്നും 500 മീറ്റർ ദൂരപരിധിക്കകത്തുള്ള പ്രദേശങ്ങളിൽ മദ്യശാലകൾ പ്രവർത്തിക്കുന്നത് തടഞ്ഞുകൊണ്ടും, അന്നേദിവസം നിലവിലുള്ള ലൈസൻസ് സ്ഥാപനങ്ങൾക്ക് 2017 മാർച്ച് 31 വരെ മാത്രം പ്രവർത്തനാനുമതി നൽകിക്കൊണ്ടും, ഇക്കാര്യം നടപ്പിലാക്കുന്നതിന് സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങൾക്ക് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ബഹു.സുപ്രീംകോടതി ഉത്തരവായിരുന്നു.

2. തുടർന്ന് മുനിസിപ്പൽ പ്രദേശങ്ങളിലെ മദ്യശാലകൾക്ക് മേൽപ്പറഞ്ഞ ഉത്തരവിൽ ഇളവ് നൽകി കേന്ദ്രഭരണപ്രദേശമായ ചാണ്ഡീഗഢുമായി ബന്ധപ്പെട്ട പരാമർശം (2) ലെ ഉത്തരവ് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി സ്പഷ്ടീകരണം നൽകി

3. മേൽപ്പറഞ്ഞ ഉത്തരവനുസരിച്ചുള്ള ആനുകൂല്യം തങ്ങളുടെ സംസ്ഥാനങ്ങളിലെ സവിശേഷ സാഹചര്യം പരിഗണിച്ച് ഗ്രാമപ്രദേശങ്ങൾക്കുകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആസാം, മേഘാലയ, പശ്ചിമബംഗാൾ തുടങ്ങി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ എം.എ.നം.690-692/17 നമ്പർ കേസിൽ സത്യവാങ്മൂലങ്ങൾ ഫയൽ ചെയ്തിട്ടുണ്ട്. വികസിത ഭൂപ്രദേശത്തിന്റെ സ്വഭാവ വിശേഷങ്ങളും വൈപുല്യവും പരിഗണിച്ചും 11.07.2017 ലെ ഉത്തരവിലെ മുൻസിപ്പൽ ഏരിയയെന്ന പദപ്രയോഗം ഉപയോഗിച്ച സാഹചര്യങ്ങൾ മുൻനിർത്തിയും ഇക്കാര്യത്തിൽ യുക്തമായ തീരുമാനം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് എടുക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ബഹു.സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്.

4. ബഹു.സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ച് നഗരസ്വഭാവമുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ മദ്യശാലകൾ അനുവദിക്കുന്നത് പരിഗണിക്കണമെന്ന് എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ നാഷണൽ ഹൈവെ/സംസ്ഥാന ഹൈവെകൾ കടന്നുപോകുന്ന പഞ്ചായത്തുകളിലെ ജനസാന്ദ്രതയും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുക്കുമ്പോൾ പഞ്ചായത്തുകൾ പൊതുവിൽ

നഗരസ്വഭാവം ഉള്ളവയാണ്. പരാമർശത്തിലെ ബഹു.സുപ്രീംകോടതി ഉത്തരവനുസരിച്ച് വ്യക്തിഗതമായി മദ്യലൈസൻസിനുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾ, സുതാര്യതയോടെ പരിഗണിക്കുന്നതിന് സെൻസസ് വകുപ്പ്/പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളവയായി കണക്കാക്കാവുന്നതാണെന്നും വിനോദ സഞ്ചാര മേഖലകളായി നികുതിവകുപ്പോ, വിനോദസഞ്ചാരവകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവ വിശേഷങ്ങളുള്ള മേഖലയായി കണക്കാക്കാവുന്നതാണെന്നും സർക്കാർ കരുതുന്നു.

5. മേൽ സാഹചര്യത്തിൽ ബഹു.സുപ്രീംകോടതിയുടെ പരാമർശം (3) ലെ ഉത്തരവനുസരിച്ച് ദേശീയ/സംസ്ഥാന പാതയോരത്തിനു സമീപം മദ്യശാലകൾക്ക ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി (Individual ആയി) പരിഗണിക്കുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു.

1. നിലവിലുള്ള സെൻസസ്/പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളവയായി കണക്കാക്കുന്നതാണ്.

2. വിനോദ സഞ്ചാര മേഖലകളായി നികുതിവകുപ്പോ, വിനോദ സഞ്ചാര വകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവവിശേഷങ്ങളുള്ള മേഖലയായി കണക്കാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ്- എക്സൈസ് – അബ്കാരി നയം - 2018-19 - കള്ളുഷാപ്പുകളുടെ ലൈസൻസുകൾ നിലവിലുള്ള ലൈസൻസികൾക്ക് 31/03/2019 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.48/2018/നി.വ** **തീയതി, തിരുവനന്തപുരം, 27.06.2018**

---

പരാമർശം:- 1. 13/06/2017 തീയതിയിലെ ജി.ഒ(എം.എസ്) 43/2017/നി.വ.

2. 29/06/2017 തീയതിയിലെ ജി.ഒ(എം.എസ്) 55/2017/നി.വ.

3. 15/03/2018 തീയതിയിലെ ജി.ഒ(എം.എസ്) 21/2018/നി.വ.

4. 24/03/2018 തീയതിയിലെ. ജി.ഒ(എം.എസ്) 25/2018/നി.വ.

---

**ഉത്തരവ്**

മദ്യനയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള കള്ള് ഷാപ്പ് ലൈസൻസുകൾക്ക് 01/07/2018 മുതൽ 31/03/2019 വരെ നിലവിലെ ലൈസൻസ് ഫീസിന്റെ ആനുപാതിക നിരക്ക് ഈടാക്കി ലൈസൻസ് ദീർഘിപ്പിച്ചുനൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പൊതുഭരണ (എസ്.സി) വകുപ്പിന്
പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ് – സംസ്ഥാനത്തെ വിറ്റുപോകാത്ത കള്ളുഷാപ്പുകൾ പുനർ വില്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.52/2018/നി.വ** **തീയതി, തിരുവനന്തപുരം, 16.07.2018**

പരാമർശം:- 1. 24/02/2014 ലെ ജി.ഒ(പി)നം.38/2014/നി.വ.
2. 13/06/2017 ലെ ജി.ഒ(എം.എസ്)നം.43/2017/നി.വ.
3. 15/03/2018 ലെ ജി.ഒ(എം.എസ്)നം.21/2018/നി.വ.
4. 24/03/2018 ലെ ജി.ഒ(എം.എസ്)നം.25/2018/നി.വ.
5. 27/06/2018 ലെ ജി.ഒ(എം.എസ്)നം.48/2018/നി.വ.
6. എക്സൈസ് കമ്മീഷണറുടെ 06/07/2018 തീയതിയിലെ ഇ.എക്സ്.സി/300/2018/എക്സ്.എ 1 നമ്പർ കത്ത്.

**ഉത്തരവ്**

സൂചന (3) പ്രകാരം പ്രഖ്യാപിച്ച 2018-19 ലെ അബ്കാരി നയം പ്രകാരം റ്റോഡി ബോർഡ് നിലവിൽ വരുന്നതുവരെയോ 3 വർഷം വരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ കള്ളുഷാപ്പുകൾ വില്പന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ കള്ളുഷാപ്പുകളുടെ വില്പന 2018 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്നതിന് അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിനും മറ്റു നടപടികൾ പൂർത്തിയാക്കുന്നതിനും കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ എക്സൈസ് കമ്മീഷണറുടെ ശുപാർശ പരിഗണിച്ച് പരാമർശം (4),(5) ലെ ഉത്തരവുകൾ പ്രകാരം 31/03/2019 വരെ നിലവിലുള്ള ലൈസൻസികൾക്കുതന്നെ കള്ളുഷാപ്പുകളുടെ ലൈസൻസ് ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സംസ്ഥാനത്ത് 909 ഗ്രൂപ്പുകളിലെ നിലവിലുള്ള 5171 കള്ളുഷാപ്പുകളിൽ 133 ഗ്രൂപ്പുകളിലായി 829 കള്ളുഷാപ്പുകൾ അടഞ്ഞുകിടക്കുന്നതിനാൽ പ്രസ്തുത കള്ളുഷാപ്പുകൾ 31/03/2019 വരെയുള്ള കാലയളവിലേയ്ക്ക് വില്പന നടത്തുന്നതിലേയ്ക്ക് അനുമതി നൽകണമെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (6) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3. എക്സൈസ് കമ്മീഷണറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. വിറ്റുപോകാത്ത കള്ളുഷാപ്പുകളുടെ വില്പന സാധ്യമാകുന്നതിലൂടെ സർക്കാരിന് റവന്യൂ

വരുമാനമുണ്ടാകുകയും, ടി കള്ളുഷാപ്പുകളിലെ ചെത്ത്/വില്പന തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുമെന്നതിനാൽ സംസ്ഥാനത്ത് മുൻ വർഷങ്ങളിൽ വിറ്റുപോകാതിരുന്നതും 01/07/2018 മുതൽ 9 മാസത്തേയ്ക്ക് നീട്ടാത്തതും മറ്റേതെങ്കിലും കാരണത്താൽ അടഞ്ഞുകിടക്കുന്നതുമായ 133 ഗ്രൂപ്പുകളിൽപ്പെട്ട 829 കള്ളുഷാപ്പുകൾ 31/03/2019 വരെയുള്ള കാലയളവിലേയ്ക്ക് വില്പന നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മോഹനരാജ്.എം
ഡെപ്യൂട്ടി സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

COMMISSIONERATE OF EXCISE
24 MAR 2018
RECEIVED

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ് – അബ്കാരി നയം - 2018-19 - കള്ളുഷാപ്പുകളുടെ ലൈസൻസുകൾ നിലവിലുള്ള ലൈസൻസികൾക്ക് 3 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്) നം.25/2018/നി.വ** **തീയതി, തിരുവനന്തപുരം, 24.03.2018**

---

പരാമർശം:- 1. 13/06/2017 തീയതിയിലെ ജി.ഒ(എം.എസ്) 43/2017/നി.വ.

2. 29/06/2017 തീയതിയിലെ ജി.ഒ(എം.എസ്) 55/2017/നി.വ.

3. 15/03/2018 തീയതിയിലെ ജി.ഒ(എം.എസ്) 21/2018/നി.വ.

4. എക്സൈസ് കമ്മീഷണറുടെ 16/03/2018 തീയതിയിലെ ഇ.എക്സ്.സി/300/18/എക്സ്.എ.1 നമ്പർ കത്ത്.

---

## <u>ഉത്തരവ്</u>

2018-19 – ലെ മദ്യനയം പ്രഖ്യാപിച്ചുകൊണ്ടുള്ള പരാമർശം (3)-ലെ ഉത്തരവിൽ ടോഡി ബോർഡ് നിലവിൽ വരുന്നത് വരെയോ, 3 വർഷം വരെയോ ഇതിൽ ഏതാണോ ആദ്യം എന്നതിനു വിധേയമായി കള്ളുഷാപ്പുകൾ വില്പന നടത്തുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. കള്ളുഷാപ്പുകളുടെ വില്പന 2018 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്നതിന് അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾ പ്രകാരമുള്ള സമയക്രമം പാലിക്കേണ്ടതിനും, 6 സർക്കിൾ ഓഫീസുകളിലെ കള്ളുഷാപ്പുകളുടെ എല്യക സംബന്ധിച്ച നോട്ടിഫിക്കേഷനിൽ ഭേദഗതി വരുത്തേണ്ടതിനും കൂടുതൽ സമയം ആവശ്യമുള്ളതിനാൽ, 2018 ഏപ്രിൽ 1 വരെയുള്ള സമയ പരിധിക്കുള്ളിൽ കള്ളുഷാപ്പുകളുടെ വില്പന നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ലൈസൻസ് ചെയ്തുനൽകുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും, ആയതിനാൽ സംസ്ഥാനത്തെ നിലവിലുള്ള കള്ള്ഷാപ്പുകളുടെ ലൈസൻസ് 2018-19 വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകുന്നത് പരിഗണിക്കണമെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. എക്സൈസ് കമ്മീഷണറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. 2018, ഏപ്രിൽ 1 നകം കള്ളുഷാപ്പുകളുടെ വില്പന പൂർത്തികരിച്ചു നൽകുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, 2018-19 വർഷത്തെ മദ്യനയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, നിലവിലുള്ള

കള്ള്ഷാപ്പ് ലൈസൻസുകൾ 01/04/2018 മുതൽ 3 മാസക്കാലയളവിലേയ്ക്ക്, നിലവിലുള്ള ലൈസൻസ് ഫീസിന്റെ ആനുപാതിക നിരക്ക് ഈടാക്കി നിലവിലെ ലൈസൻസികൾക്ക് തന്നെ ദീർഘിപ്പിച്ച് നൽകുന്നതിന് ഇതിനാൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (3) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പൊതുഭരണ (എസ്.സി) വകുപ്പിന്
പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ